ലഭിച്ച 25 ലക്ഷം രൂപയും ചേർത്ത് സൊസൈറ്റിക്ക് ഇപ്പോൾ ആകെ 1,67,40,687 രൂപയുണ്ട്. അത് അർഹമായ അപേക്ഷകർക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഇ) സൊസൈറ്റിയുടെ അക്കൗണ്ടിൽ 1,67,40,687 രൂപ ബാക്കിയുണ്ട്. സൊസൈറ്റിയുടെ നിയമാവലി അനുബന്ധമായി ചേർക്കുന്നു. †

(എഫ്) 16-6-1999-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 235/99/ ആ.കു.വ. പ്രകാരമാണ് അർഹരായ അപേക്ഷകരെ തിരഞ്ഞെടുക്കുന്നതും തുക അനുവദിക്കുന്നതും. വാർഷിക വരുമാനം 24,000 രൂപയിൽ കുറവുള്ളവർക്കാണ് ഇതിന്റെ സഹായം ലഭിക്കുന്നത്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, തിരുവനന്തപുരത്തെ ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി എന്നിവിടങ്ങളിൽ ചികിത്സയ്ക്കെത്തുന്ന രോഗികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഹൃദയ, മസ്തിഷ്ക ശസ്ത്രക്രിയകൾ, വൃക്ക മാറ്റിവയ്ക്കൽ, മൂട്ടുചിരട്ട മാറ്റിവയ്ക്കൽ, നട്ടെല്ലുസംബന്ധമായ ശസ്ത്രക്രിയകൾ തുടങ്ങിയ ഏറ്റവും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നത്. ചികിത്സിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന തുകയുടെ 75% ആണ് അനുവദിക്കുന്നത്. എന്നാൽ പരമാവധി ധനസഹായം 50,000 രൂപയായിരിക്കും. രോഗിയുടെ ചികിത്സ ആരംഭിച്ച തീയതിയാണ് മുൻഗണനയ്ക്ക് മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നത്.

നബാർഡ് ധനസഹായത്തോടെ ഏറ്റെടുക്കുന്ന ആശുപത്രി വികസന പദ്ധതികൾ

121 [1698] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) ഗ്രാമീണ ആരോഗ്യമേഖലയിലെ ക്ലിനിക്കുകളുടെ ഉന്നമനം ലക്ഷ്യമാക്കി നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കെട്ടിടനിർമ്മാണം പുതുതായി ഏറ്റെടുക്കുവാനും പഴയത് വികസിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതനുസരിച്ച് കണ്ണൂർ ജില്ലയിൽ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമീണാരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കിയുള്ള നബാർഡ് ഫണ്ടിൽനിന്നും ധനസഹായം തേടുന്നതിനായി 9 ഹോമിയോ ക്ലിനിക്കുകൾ, 67 ആയുർവേദാശുപത്രികൾ, 435 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെ മൊത്തം 511 ഗ്രാമീണാരോഗ്യ സ്ഥാപനങ്ങളുടെ പ്രോജക്ട് പ്രൊപ്പോസലുകൾ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയനുസരിച്ചുള്ള ധനസഹായം തേടുന്നതിനായി 435 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രോജക്ട് പ്രൊപ്പോസലുകൾ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. നബാർഡിൽ നിന്നും അന്തിമമായ അനുമതി ലഭിച്ചിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കണ്ണൂർ ജില്ലയിൽനിന്നും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല. എന്നാൽ ജില്ലയിൽനിന്നും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാർ ശുപാർശ ചെയ്തിട്ടുള്ള പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. †

പുതിയ പി.എച്ച്. സെന്ററുകളും സർക്കാർ ആശുപത്രികളിലെ പേ ക്ലിനിക്കുകളും

122 [1699] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്:
,, ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പി.എച്ച്. സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പി.എച്ച്. സെന്ററുകളാണ് പുതുതായി ആരംഭിക്കുന്നത്;

(ബി) പുതുതായി പി.എച്ച്. സെന്ററുകൾ ആരംഭിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എവിടെയെല്ലാമാണ് പി.എച്ച്. സെന്ററുകൾ ആരംഭിക്കുന്നതെന്നും ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(സി) സർക്കാർ മെഡിക്കൽ കോളേജുകൾ ജില്ലാ-താലൂക്ക് ആശുപത്രികൾ എന്നിവയിൽ പേ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പേ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളുണ്ട്;

(എഫ്) പേ ക്ലിനിക്കുകൾ ആരംഭിക്കുന്നതുമൂലം സർക്കാർ ആശുപത്രികൾക്ക് വരുമാന സാധ്യത ഉണ്ടാകുമെന്നത് കണക്കിലെടുത്ത് പേ ക്ലിനിക്കുകൾ ഉടൻ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഓരോവർഷവും കേന്ദ്ര സർക്കാർ നിശ്ചയിച്ചനുവദിക്കുന്ന തനുസരിച്ചാണ് പുതിയ പി.എച്ച്. സെന്ററുകൾ ആരംഭിക്കുന്നത്. പത്താം പഞ്ചവത്സര പദ്ധതിയിൽ (2002-2007) പുതിയ പി.എച്ച്. സെന്ററുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ കേന്ദ്രം നൽകിയിട്ടില്ല. അതിനാൽ പുതിയ പി.എച്ച്. സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) മെഡിക്കൽ കോളേജുകളിൽ പേ ക്ലിനിക്കുകൾ തുടങ്ങാനുള്ള നിർദ്ദേശം പരിഗണനയിലില്ല. എന്നാൽ ജില്ലാ/താലൂക്ക് ആശുപത്രികളിൽ ഇവ തുടങ്ങുന്ന കാര്യം ആലോചനയിലുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly